കൗൺസിൽ ആഫ് ഇൻഡ്യ ജീനസ് മെഡ്സ ൻ.

* 26. [28] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലക്ക്നൗവിൽവച്ചു നടന്ന അഖിലേന്ത്യാ ആയുർവ്വേദ കൺവെൻഷൻ, ഒരു കൗൺസിൽ ആഫ് ഇൻഡ്യ ജീനസ് മെഡിസിൻ സംഘടിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം പാസ്സാക്കിയിട്ടുള്ളതു തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

ഒരു കൗൺസിൽ ആഫ് ഇൻഡ്യ ജീനസ് മെഡിസിൻസ് സംഘടിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അഖിലേന്ത്യാ ആയുർവ്വേദ കൺവെൻഷൻ ഒരു പ്രമേയം പാസ്സാക്കിട്ടുണ്ടു് ഈ ഗവണ്മെൻറിനു ലഭിച്ചിട്ടില്ല.

ശ്രീ. എൻ. ജി. ചാക്കോ : അങ്ങനെ ഒരു കൗൺസിൽ രൂപീകരിക്കുവാനുള്ള ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ എ. എ. റഹിം : ഇപ്പോൾ അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

മരച്ചീനി സഹകരണസംഘങ്ങൾ.

* 27. [29] ശ്രീ. കുട്ടപ്പൻ ചെയിക്കൽ : താഴെ കാണുന്ന ചോദ്യം കൃഷിമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു് എത്ര മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു ;

(ബി) എന്തു തുക അവയ്ക്കു സഹായധനമായി കൊടുത്തു ;

(സി) എത്ര ടൺ മരച്ചീനി കർഷകരിൽനിന്നും ഇതിനകം സഹകരണസംഘങ്ങൾ വാങ്ങി ?

കൃഷിമന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) പുതിയതായി 194 മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു. നിലവിലുള്ള 3 സംഘങ്ങൾ മരച്ചീനി സംഘങ്ങളായി പരിവർത്തനം ചെയ്തതുൾപ്പെടെ ഇപ്പോൾ 197 മരച്ചീനി സഹകരണസംഘങ്ങൾ ഉണ്ടു്.

(ബി) ഓരോ സംഘത്തിനും 200 രൂപ സഹായധനമായി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

(സി) സഹകരണ സംഘങ്ങൾ കർഷകരിൽനിന്നും വാങ്ങിയ മരച്ചീനിയുടെ കണക്കു് ഗവണ്മെൻറു ശേഖരിച്ചിട്ടില്ല.

ശ്രീ. കുട്ടപ്പൻ ചെയിക്കൽ : എന്നുവരെയാണു് മരച്ചീനി എടുക്കുന്നതിനുള്ള അവകാശം ഈ സംഘങ്ങൾക്കു കൊടുത്തിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജോൺ : ആഗസ്റ്റു് അവസാനംവരെ.

ശ്രീ. കുട്ടപ്പൻ ചെയിക്കൽ : അതിനു ശേഷം ഗവണ്മെൻറു് ആ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൻ : മൂന്നോ നാലോ ദിവസത്തേയ്ക്കുകൂടി നീട്ടി ക്കൊടുത്തിട്ടുണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇത്രയും കുറച്ചു ദിവസത്തേയ്ക്കു മാത്രം നീട്ടിക്കൊടുക്കാൻ പ്രത്യേകം വല്ല കാരണവുമുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : നേരത്തെതന്നെ കാലാവധി കഴിച്ചുപ്പെട്ടതായിരുന്നു. എന്നാൽ ചലർ ഡപ്പോയിൽ കൊണ്ടുവച്ചിരിക്കുന്ന കുപ്പ കൂടി ചെലവാക്കുവാൻ സമയം വേണമെന്നാവശ്യപ്പെട്ടു. അതനുസരിച്ചാണ് രണ്ടുമൂന്നു ദിവസത്തേയ്ക്കുകൂടി കാലാവധി നീട്ടിക്കൊടുത്തത്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അങ്ങനെ ആവശ്യപ്പെട്ടത് കൃഷിക്കാരാണോ വ്യവസായികളാണോ ?

ശ്രീ. എ. ജെ. ജാൻ : സഹകരണസംഘങ്ങളാണ്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഇനിയും അനുവാദം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : ഇല്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : പതിനെട്ടാം തീയതിവരെ കാലാവധി നീട്ടിക്കൊടുത്തിട്ടു വിവരം പതിനാറാം തീയതിമാത്രമാണ് അറിയാൻ ഇടവന്നിട്ടുള്ളതെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൻ : ഡിപ്പോവിൽ ശേഖരിക്കപ്പെട്ട മരച്ചീനി ചെലവാക്കാൻ വേണ്ടിയാണ് കാലാവധി നീട്ടിയത്. അതുകൊണ്ടുള്ളവർക്ക് ഇത്രയും സമയം ധാരാളം മതിയാകുന്നതാണ്.

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : ഒരൊറ്റ ദിവസംമാത്രം ഫലത്തിൽ കാലാവധി നീട്ടിക്കൊടുത്തിട്ടുള്ളത് മരച്ചീനി സ്റ്റോക്കുചെയ്തിട്ടുള്ള കച്ചവടക്കാരെ മനഃപൂർവ്വം സഹായിക്കുന്നതിനുവേണ്ടിയായിരുന്നില്ലേ ?

ശ്രീ. എ. ജെ. ജാൻ : ഇതിന്റെ ഉദ്ദേശംതന്നെ ബഹുമാനപ്പെട്ട മെമ്പർ തെറ്റിദ്ധരിച്ചതുപോലെ തോന്നുന്നു. കച്ചവടക്കാർക്കല്ല, സഹകരണസംഘങ്ങൾക്കാണ് കാലാവധി നീട്ടിക്കൊടുത്തിട്ടുള്ളത്.

ശ്രീ. എം. വി. ചെറിയാൻ : മരച്ചീനി സഹകരണസംഘങ്ങൾ എങ്ങനെയാണ് സംഘടിപ്പിച്ചിരിക്കുന്നത് :

ശ്രീ. എ. ജെ. ജാൻ : മരച്ചീനികൃഷിക്കാരെ സഹകരണസംഘങ്ങൾവഴിയായി സംഘടിപ്പിക്കുവാൻ കോഓപ്പറേറ്റീവ് രജിസ്ട്രാരോട് നിർദ്ദേശിച്ചിരുന്നു. അങ്ങനെ മരച്ചീനികൃഷിക്കാരെ ചേർത്തു സഹകരണസംഘങ്ങൾ ഉണ്ടാക്കി.

ശ്രീ. എം. വി. ചെറിയാൻ : ഓരോ പഞ്ചായത്തിലും രജിസ്റ്റർചെയ്യപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങൾക്ക് എടുക്കാവുന്ന മരച്ചീനിയുടെ കോട്ടാ നിശ്ചയിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൻ : നിശ്ചയിച്ചിട്ടുണ്ടായിരുന്നു.

ശ്രീ. എം. വി. ചെറിയാൻ : അതനുസരിച്ചു പ്രവർത്തിക്കാതെ തോന്നിയമാതിരി പ്രവർത്തിച്ചിട്ടുള്ളതായി പരാതികൾ ചില പഞ്ചായത്തുകളിൽനിന്നും കിട്ടിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: മൂന്നു നാലു പഞ്ചായത്തുകളിൽ നിന്നും അങ്ങനെ പരാതികൾ ലഭിച്ചിട്ടുണ്ട്. അപേക്ഷിച്ചശേഷം ആ പഞ്ചായത്തുകളിൽക്കൂടി രണ്ടാമതു സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുമെന്നു് പ്രതീക്ഷിക്കുകയുണ്ടായി.

ശ്രീ. എം. വി. ചെറിയാൻ: സഹകരണസംഘങ്ങൾ കൂടുതൽ ശേഖരിക്കുന്നതിനെ സംബന്ധിച്ചു് എന്തെങ്കിലും റിക്കാർഡുകൾ ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: എന്തെങ്കിലും റിക്കാർഡുകൾ കാണും.

ശ്രീ. എം. വി. ചെറിയാൻ: ഈ റിക്കാർഡുകൾ പരിശോധിച്ചു നോക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ പരിശോധിക്കേണ്ടതായാവശ്യം ഇപ്പോൾ ഇല്ല. എന്തെന്നാൽ ആ രീതിയിലുള്ള പ്രവർത്തനം അവസാനിപ്പിച്ചിരിക്കുകയാണു്.

WRITTEN ANSWERS.

English as Medium of Instruction in Anglo-Indian Schools

* 28 [31] SHRI A. A. D. Luiz: Why the Central Board of Anglo-Indian Education, Travancore-Cochin has been refused sanction to adopt English as the medium of instruction?

Chief Minister (SHRI PANAMPILLI GOVINDA MENON): The Central Board of Anglo-Indian Education has been recognised only as a corporate management of Schools according to Rules. The Schools run by the Board have never been recognised as Anglo-Indian Schools in the sense in which they are claimed to be. They are recognised only as ordinary Academic Schools managed by the Anglo-Indians, and hence the medium of instruction in these schools has always been the regional language *Viz* Malayalam. However, they have been permitted to teach English outside school hours.

അദ്ധ്യാപകന്മാരുടെ ഇൻക്രിമെൻറ്.

* 29. [32] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യം ദയവുചെയ്തു മുഖ്യമന്ത്രി ദയവുചെയ്തു മറുപടി നൽകുമോ:

(എ) പി. എസ്സ്. എസ്സ്. സ്കീം നടപ്പിലാക്കിയതിനുശേഷം എത്ര സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ഇൻക്രിമെൻറ് കൊടുത്തിട്ടുണ്ടു്;

(ബി) എത്ര സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ഇനിയും കൊടുക്കുവാനുണ്ടു്;

(സി) ഇതു സംബന്ധിച്ചു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്തുനടപടി നടത്തിയിട്ടുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

APPENDIX VI.

[*Please See Answer to Unstarred Question No. 27 (17)*]

STATEMENT REGARDING ANGLO-INDIANS IN SERVICE IN THE MEDICAL DEPARTMENT.

Sl. No.	*Name*	*Designation*	*Qualification*	*Scale of pay*
1.	Sry. Mary Ann Fernandez	I Grade Nurse	Sick Nursing, Midwifery and Child Welfare test.	40-100
2.	Sry. Margarette Pereira	do.	Nursing and Compounder's Test.	do.
3.	Sry. Mary D' Cunha	Head Clerk	S. S. L. C. and Account Test.	70-150
4.	Sry. B. C. Noranho	Radio grapher	S. S. L. C. & training in Radiography.	40-100
5.	Sri Tennis Bewara	Hospital Attendant	Nil.	25-35
6.	Sri A. M. Clement	Dental Specialist	L. R. C. P. & S. L. D. S., R. C. S.	500-800
7.	Sri T. S. Francis	Carpenter	Class IV.	25-35
8.	Sry. Mary D' Silva	I Grade Nurse	S. S. L. C. and Nursing qualification.	45-75
9.	Miss Mavis Gomez	Asst. Surgeon	M. B. B. S.	100-300
10.	Sri Noel Feliz Oswald D' Netto	do.	do.	do.
11.	Sri E. J. Monsurage	do.	do.	do.
12.	Sri R. D' Suza	do.	B. A. & M. B. B. S.	do.

2/3800/V.

LIBRARY ARCHIVES Kerala Legislative Assembly